## പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2329**

**05-11-2019 ൽ മറുപടിക്ക്**

**കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനക്ക് ഉത്തേജനം പ്രദാനം ചെയ്യുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഉണ്ട്. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ റോഡുകൾ ,പാലങ്ങൾ, ഫ്ളൈഓവറുകൾ, അണ്ടർപാസ്സുകൾ, ഫിഷിംഗ് ഹാർബറുകൾ, സുവോളജിക്കൽ പാർക്കുകൾ , വിദ്യഭ്യാസം - തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജലവിതരണ പദ്ധതികൾ, വൈദ്യുത-ട്രാൻസ്ഗ്രിഡ്, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഹോസ്പിറ്റൽ, കൊച്ചിൻ ഇന്നവേഷൺ സോൺ, ആലപ്പുഴ കനാൽ ജലഗതാഗത നവീകരണം, സ്റ്റേഡിയങ്ങൾ , മൊബിലിറ്റി ഹബ്, സംസ്കാരിക സമുച്ചയങ്ങൾ, തീയേറ്റർ കോംപ്ലക്സ്, ടൂറിസം പദ്ധതികൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ , കാർഷിക വാണിജ്യ വാത്കരണം ലക്ഷ്യമിടുന്ന അഗ്രോ പാർക്കുകൾ, കൊച്ചി-നഗര പുനരുജ്ജീവനത്തിനായുള്ള സംയോജിത ജലഗതാഗത പദ്ധതി, അതിവേഗ ഇന്റർനെറ്റ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്, ഐ ടി പാർക്കുകളുടെ അടിസ്ഥാന സൗകര്യവികസനം , തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമ്പദ്ഘടനക്ക് ഉത്തേജനം നല്കുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ്.<br>ഗതാഗത മേഖലയിലുള്ള അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്നു. ചരക്കു നീക്കത്തിനും യാത്രാ സൗകര്യത്തിനും വഴിയൊരുക്കുന്ന റോഡുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അനുദിനം വർദ്ധിക്കുന്ന റോഡ് ഗതാഗതത്തിനു പരിഹാരം കണ്ടെത്തുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ റോഡുകളും, പാലങ്ങളും, ബൈപ്പാസ്സുകളും കിഫ്ബിയിലൂടെ വികസിപ്പിക്കുന്നുണ്ട്.<br>വിദ്യഭ്യാസം -തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വഴി നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരിക പുരോഗതിക്ക് |

വഴി ഒരുക്കുന്നു. തൊഴിൽ എടുക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

ഒരു ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ പൊതുജനാരോഗ്യത്തിന്റെ പങ്ക് വളരെ നിർണ്ണായകമാണ്. ജനങ്ങളുടെ ആയുരാരോഗ്യ സൗഖ്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെയും പുരോഗതിയുടെയും പ്രമുഖ അളവുകോലിൽ ഒന്ന്. പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണത്തിനും ഉള്ള പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പിലാകുന്നുണ്ട്. ഇത് വഴി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും.

സംസ്ഥാനത്തിന്റെ സാമൂഹിക - സാമ്പത്തിക പുരോഗതിയിൽ വ്യാവസായങ്ങൾക്കുള്ള പങ്കും പ്രസക്തമാണ്. ഏറ്റവും വലിയ തൊഴിൽ മേഖലകളിലൊന്ന് എന്ന നിലയിൽ ദാരിദ്ര്യ നിർമാർജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വ്യവസായങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തെ ഒരു മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന ദീർഘവീക്ഷണത്തിലാണ് വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് കിഫ് ബി ധനസഹായം ലഭ്യമാക്കുന്നത്.

സംസ്ഥാനത്തു അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിനായി നാം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യനിലയങ്ങൾ ഉൾപ്പെടെയുള്ള സ്രോതസുകളെ ആശ്രയിക്കുന്നുണ്ട്. രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് എന്ന വൈദ്യുത പ്രസരണ ബൃഹത് പദ്ധതി സംസ്ഥാനത്തെ വൈദ്യുത പ്രസരണ സംവിധാനങ്ങളുടെ ഒരു സംയോജിത പ്രവർത്തനം സാധ്യമാക്കും.

സംസ്ഥാനത്തിന്റെ വികസനത്തിൽ വിവരസാങ്കേതികവിദ്യ മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ലോകോത്തരനിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും, ഇതുവഴി ജനങ്ങൾക്ക് തൊഴിലും, വിദേശ നിക്ഷേപം വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു ഡിജിറ്റൽ സൂപ്പർ ഹൈവേ നിർമ്മിച്ചെടുക്കുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്സ് നെറ്റ്-വർക്ക് പദ്ധതി കിഫ്ബി നടപ്പിലാക്കുന്നു. സംസ്ഥാനത്തിന്റെ നെറ്റ്-വർക്കായി പ്രവർത്തിക്കുകയും

ഡിജിറ്റൽ രംഗത്ത് പുതിയ വികസന - കമ്പോള സാദ്ധ്യതകൾ പ്രദാനം ചെയ്യുവാനും ഈ പദ്ധതിക്ക് സാധിക്കും.

സംസ്ഥാനത്തിന്റെ സാമ്പത്തികപുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ വഴി വരുമാനം വർധനവിനും വിദേശ വിനിമയത്തിനും വഴിയൊരുക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും .

അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, സാംസ്കാരികവും, ആരോഗ്യ, വിദ്യഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്ത രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

(ബി) കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയ പദ്ധതികളിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി; വിശദാംശം നൽകുമോ

കിഫ്ബി പദ്ധതികൾ

| | എണ്ണം | പദ്ധതി തുക (കോടിയിൽ) |
|---|---|---|
| കിഫ്ബി അംഗീകരിച്ച പദ്ധതികൾ | 591 | 45618.6 |
| ടെൻഡറിംഗ് നടപടിയിലുള്ള പദ്ധതികൾ | 345 | 16370.03 (ടെൻഡർ തുക – 13590.94) |
| നിർമ്മാണത്തിലുള്ള പദ്ധതികൾ | 304 | 14178.50 (കരാർ തുക – 10553.70) |

കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയ പദ്ധതികളിൽ ഇതിനകം പ്രവൃത്തി പൂർത്തീകരിച്ചവയും, ഇവയിൽ ഉദ്ഘാടനം നടത്തിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

| | | | | | |
|---|---|---|---|---|---|
| അനുബന്ധം- പൂർത്തിയായ ഉപ-പദ്ധതികൾ/ഘടകങ്ങൾ | | | | | |
| നം | വകുപ്പ് | എസ് .പി .വി | വിവരങ്ങൾ | | |
| പൂർണ്ണമായും പൂർത്തിയായ ഉപ-പദ്ധതികൾ | | | | | |
| | Department | SPV | Projects | | Inauguration details informed by the concerned SPV |
| 1 | PWD | KRFB | Improvements to Cherthala- Thannermukkom Road CH 0/000-5/950-PWD004-06 | | Inaugurated |
| 2 | Water Resources | KWA | Augmentation of WSS to Dharmadam panchayath in Dharmadam Constituency-WRD003-02 | | Inaugurated |
| 3 | Water Resources | KWA | WSS to Kottayam Census Towns - Strengthening of Distribution system in Thalassery Taluk of Kannur District-WRD003-03 | | Inaugurated |
| 4 | Water Resources | KWA | Distribution Line Extension from ongoing WSS to Mananthavady, Edavaka and Nalloornadu villages in Wayanad District-WRD003-04 | | Inaugurated |
| 5 | Water Resources | KWA | Augmentation of Urban Water Supply to Shornur Municipality and Vaniyamkulam Panchayath-weir across Bharatapuzha river (Checkdam)-WRD002-02 | | Inaugurated |
| 6 | Water Resources | KWA | WSS to Ambalappara Panchayath in Ottapalam Taluk, Palakkad District - Phase I-WRD010-03 | | Inaugurated |
| ഉപ-പദ്ധതികളിൽ പൂർണ്ണമായ ഘടകങ്ങൾ | | | | | |
| I | Power | KSEB | Kochi Lines Package-Package 1- POW002-04 | | |
| II | General Education | KITE | **Hi Tech school Programme-GED002-01** | | |
| | | | The following components under Hi Tech school Programme<br>1. Laptop Computers -59772 Nos. distributed<br>2. Projectors - 43525 Nos. distributed<br>3. Screen - 23104 Nos. distributed<br>4. Mounting Kit - 41789 Nos. distributed<br>4. HDMI Faceplate - 40614 Nos. distributed<br>5 HDMI Cable - 41878 Nos. distributed<br>6. USB Speaker 42739 Nos. distributed<br>7 DSLR Camera -4578 Nos. distributed<br>8 Full HD Webcam - 4720 Nos. distributed<br>9. 43" LED TV - 4545 Nos. distributed<br>10.Networking given- 14968 classrooms in 2415 schools<br>11. Broadband Connection given - 4,751 Schools<br>12.Multi Function Printer-4157 Nos. distributed | | |
| III | Forest | SFDA | **Solar Fencing project - FOR001-01:** | | |

| | | | | | |
|---|---|---|---|---|---|
| | | | The following stretches are completed :<br>1. Providing Solar Power Fencing from Anakkal to Kalliyara in Walayar Range<br>2. Providing Solar Power Fencing from Cheekuzhi to Elichira in Walayar Range<br>3. Providing Solar Power Fencing around Chavadipara Colony in Walayar Range<br>4. Providing Solar Power Fencing from Agali to Moochikadavu under Ommala Forest Station in Agali Range<br>5. Providing Solar Power Fencing from Vechapathy to Gonjiyoor under Sholayoor Forest Station in Agali Range<br>6. Providing Solar Power Fencing from Chundakulam to Moochikadavu under Sholayoor Forest Station in Agali Range<br>7. Providing Solar Power Fencing from Chinnaparambu to Onthumala under Ommala Forest Station in Agali Range<br>8. Providing Solar Power Fencing from Inchikunnu to Vattappara under Palakkayam Forest Station in Mannarkkad Range | | |
| IV | Water Resources | KWA | **Water Supply Scheme** | | |
| 1 | | | Water Supply Scheme to Kalluvathukkal Parippally and Velinalloor villages - Phase I-Package 4 - WRD010-02 | | |
| 2 | | | W.S.S. to Perunadu & Athikkayam Villages in Pathanamthitta District (Phase -2)--Package 1 WRD003-09 | | |
| V | Health & Welfare | KMSCL | **Setting up of Cathlab & CCU & Dialysis Centres** | | |
| | | | | | |
| | | | **1. Cathlab & CCU-HFW001-01** | | |
| | | | **Cathlab** | | |
| 1 | | | GMC Ernakulam | | Inaugurated |
| 2 | | | GH Pathanamthitta | | Inaugurated |
| 3 | | | DH Kollam | | Inaugurated |
| 4 | | | GH Manjeri | | Inaugurated |
| | | | **CCU** | | |
| 1 | | | GMC Ernakulam | | Inaugurated |
| 2 | | | DH Kollam | | Inaugurated |
| | | | **2. Dialysis Centres-Phase 1-HFW001-02** | | |
| | | | **District** | **Hospital Name** | |
| 1 | | | Thiruvananthapuram | DH Nedumangad | Inaugurated |
| 2 | | | Pathanamthitta | GH Adoor | Inaugurated |
| 3 | | | Ernakulam | THQH North Paravoor | Inaugurated |
| 4 | | | Kozhikode | TH Ferooke | Inaugurated |
| 5 | | | Thiruvananthapuram | THQH Parasala | Inaugurated |
| 6 | | | Kannur | TH Kuthuparamba | Inaugurated |
| 7 | | | Kannur | TH Pazhayangadi | Inaugurated |
| 8 | | | Kollam | THQH Karunagapally | Inaugurated |
| 9 | | | Kannur | GH Thalassery | Inaugurated |
| 10 | | | Kannur | THQH Thaliparamba | Inaugurated |
| 11 | | | Palakkad | THQH Ottapalam | Inaugurated |
| 12 | | | Alappuzha | DH Mavelikara | Inaugurated |
| 13 | | | Pathanamthitta | THQH Thiruvalla | Inaugurated |
| 14 | | | Thrissur | TH Kunnamkulam | Inaugurated |

| | | | | | |
|---|---|---|---|---|---|
| 15 | | | Thrissur | THQH Chalakkudy | Inaugurated |
| 16 | | | Ernakulam | THQH Fort Kochi | Inaugurated |
| 17 | | | Alappuzha | THQH Kayankulam | Inaugurated |
| 18 | | | Ernakulam | THQH Perumbavoor | Inaugurated |
| 19 | | | Kannur | TH Peravoor | Inaugurated |
| 20 | | | Kozhikode | TH Balussery | Inaugurated |
| 21 | | | Thrissur | THQH Kodungallur | Inaugurated |
| 22 | | | Kannur | TH Iritty | Inaugurated |
| 23 | | | Alappuzha | THQH Chengannur | Inaugurated |
| 24 | | | Wayanad | THQH Sulthanbathery | Inaugurated |
| 25 | | | Ernakulam | THQH Piravom | Inaugurated |
| 26 | | | Kollam | THQH Kottarakara | Inaugurated |
| 27 | | | Palakkad | THQH Mannarkad | Inaugurated |
| 28 | | | Kollam | THQH Sasthankotta | Inaugurated |
| 29 | | | Pathanamthitta | THQH Ranni | Inaugurated |
| 30 | | | Kollam | THQH Kadakkal | Inaugurated |
| 31 | | | Malappuram | THQH Thirurangadi | |
| 32 | | | Thrissur | DH Wadakkancherry | |
| 33 | | | Palakkad | THQH Chitoor | |
| 34 | | | Thrissur | THQH Chavakkad | Inaugurated |
| 35 | | | Palakkad | THQH Alathur | |
| 36 | | | Ernakulam | DH Muvattupuzha | Inaugurated |
| 37 | | | Pathanamthitta | DH Kozhenchery | Inaugurated |
| 38 | | | Kollam | GMC Parippally | |